**ഇഹ്സാൻ**

# നന്ദിഗ്രാം, മുത്തങ്ങ, ഗുജറാത്ത്

**നന്ദിഗ്രാം** സംഭവത്തിൽ എന്താണ് ഉണ്ടായതെന്ന് സി.ബി.ഐ അന്വേഷണം നടക്കുന്നതേയുള്ളൂ. സന്നദ്ധ സംഘടനകളുടെ ആരോപണമനുസരിച്ച് ഗ്രാമത്തിൽ നൂറിലേറെ പേർ പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടിട്ടുണ്ട്. മുന്നൂറോളം പേരെ കാണാതായെന്ന ആരോപണവും ഉയർന്നിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ പുറത്തുവിട്ട കണക്കനുസരിച്ച് വെറും 14 പേർ മാത്രമാണ് കൊല്ലപ്പെട്ടത്. നൂറിലേറെ പേർ പരിക്കേറ്റ് ആശുപത്രിയിലായിട്ടുമുണ്ട്. ഇന്തോനേഷ്യയിലെ വ്യവസായ ഭീമന്മാരായ സലീം ഗ്രൂപ്പിന് 'വികസന'ആവശ്യങ്ങൾക്കായി ഒഴിപ്പിച്ചെടുക്കാൻ തെരഞ്ഞെടുത്ത ഈ ഗ്രാമത്തിൽ പൊതുജനം പൂർണമായും സർക്കാറിന് എതിരായിരുന്നു. ഭൂമി വിട്ടുകൊടുക്കാൻ വിസമ്മതിച്ച ജനങ്ങൾ കൂട്ടത്തോടെ സർക്കാറിനെതിരെ തിരിഞ്ഞപ്പോഴാണ് അവിടെ വെടിവെപ്പുണ്ടായത്. അതേസമയം ജനങ്ങളുമായി അത്തരമൊരു തർക്കം ഉണ്ടായിട്ടേ ഇല്ലെന്നാണ് ബംഗാൾ സർക്കാർ പറയുന്നത്. ജനങ്ങൾക്ക് സമ്മതമല്ലെങ്കിൽ നിർബന്ധപൂർവം ഭൂമി ഏറ്റെടുക്കില്ലെന്ന് സംസ്ഥാന മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ നാലു തവണ നന്ദിഗ്രാമത്തിൽ പൊതുയോഗം നടത്തി വ്യക്തമാക്കിയിരുന്നത്രെ. ഈ പൊതുയോഗം എന്താണാവോ ആരുടെയും ശ്രദ്ധയിൽപെടാതെ പോയതെന്ന് ചോദിക്കരുത്. സി.പി.എം വിരോധം തലക്കുപിടിച്ച മാധ്യമങ്ങളും തൽപരകക്ഷികളായ പലരും വസ്തുത മറച്ചുപിടിച്ച് ഗ്രാമീണരെ സർക്കാറിനെതിരെ ഇളക്കിവിടുകയാണത്രെ ഉണ്ടായത്! സി.പി.എം കേന്ദ്രങ്ങൾ പറയുന്നതനുസരിച്ച് കഴിഞ്ഞ മൂന്നു മാസക്കാലമായി ഈ ഗ്രാമം ഭരിച്ചത് ഗുണ്ടകളും നക്സലുകളും അവർക്ക് നേതൃത്വം നൽകിയ ഏതാനും രാഷ്ട്രീയ സംഘടനകളുമാണ്. നന്ദിഗ്രാമിലേക്കുള്ള റോഡുകൾ ഇവർ തടസ്സപ്പെടുത്തിയിരുന്നുവെന്നും സർക്കാറിന്റെ പ്രതിനിധികൾക്ക് ഗ്രാമത്തിലേക്ക് പ്രവേശനം പൂർണമായും വിലക്കപ്പെട്ടിരുന്നുവെന്നുമാണ് സീതാറാം യെച്ചൂരി ദൽഹിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ആരോപിച്ചത്. ഒരു സംസ്ഥാനത്ത് അവിടത്തെ നിയമാനുസൃത ഭരണകൂടത്തെ വെല്ലുവിളിച്ച് പ്രവർത്തനമാരംഭിച്ച സമാന്തര ഭരണകൂടത്തെ എങ്ങനെയായിരുന്നോ കൈകാര്യം ചെയ്യേണ്ടിയിരുന്നത് അതു മാത്രമാണ് ബംഗാളിൽ സംഭവിച്ചതെന്നും യെച്ചൂരി ന്യായീകരിച്ചു.

സി.പി.എം കേന്ദ്രങ്ങൾ ഉയർത്തുന്ന ഈ തടസ്സവാദങ്ങളുടെ പൊള്ളത്തരം എന്തായിരുന്നാലും അവർ മറുപടി പറയേണ്ട ചില കാര്യങ്ങളുണ്ട്. ആശയപരമായി എതിർക്കുന്നവരുടെ നേരെ നിറയൊഴിക്കാൻ ചൈനയിൽ പറ്റുമായിരിക്കാം. പക്ഷേ ജനാധിപത്യ രാജ്യത്ത് എതിർപ്പിനെ നേരിടുന്നതിനുമുണ്ടല്ലോ ചില മര്യാദകൾ. വനഭൂമി കൈയേറിയ ആദിവാസികളെ എ.കെ ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ മുത്തങ്ങയിൽ വെടിവെച്ച സംഭവത്തോട് കേരളത്തിലെ സി.പി.എമ്മുകാർ എങ്ങനെയായിരുന്നു പ്രതികരിച്ചതെന്ന് ജനം മറന്നിട്ടില്ല. ജാനുവും കൂട്ടരും സർക്കാറിന്റെ ഭൂമിയാണ് കൈയേറിയതെന്ന കുറേക്കൂടി 'കനപ്പെട്ട' ന്യായം ആന്റണിക്കുണ്ടായിരുന്നു. അതേസമയം വർഷങ്ങളായി കൈവശാവകാശമുള്ള മണ്ണാണ് നന്ദിഗ്രാമിലെ കർഷകർ പിടിച്ചുവെച്ചത്. തങ്ങൾ കലപ്പയുന്തുന്ന ആ മണ്ണിൽ അവർക്കാണോ അതോ ഇന്തോനേഷ്യയിലെ ബൂർഷ്വാ മുതലാളിക്കാണോ അവകാശമെന്ന കാര്യത്തിൽ ആദ്യം സി.പി.എമ്മുകാർ മറുപടി പറയട്ടെ. 'നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാവും പൈങ്കിളിയേ' എന്ന പാട്ട് ബുദ്ധദേവിന്റെ രാജ്യത്ത് അവർ മാറ്റിപ്പാടുന്നുണ്ടെങ്കിൽ അക്കാര്യവും വ്യക്തമാക്കേണ്ടതുണ്ട്.

രണ്ടാമത്തെ കാര്യം അൽപം കൂടി ഗൗരവമുള്ളതാണ്. സി.ബി.ഐ ഇതിനകം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു സമർപ്പിച്ച റിപ്പോർട്ടനുസരിച്ച് നന്ദിഗ്രാമിൽ നടന്ന വെടിവെപ്പിന് സംസ്ഥാന സർക്കാർ മാത്രമല്ല പുറത്തുനിന്നുള്ളവരും ഉത്തരവാദികളാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പോലീസിനെ വെടിവെപ്പിൽ സഹായിച്ച ഈ പുറത്തു നിന്നുള്ളവർ ആരായിരുന്നു? ഗ്രാമീണർ ഒന്നടങ്കം പറയുന്നത് സി.പി.എം കേഡറുകളാണ് തങ്ങളെ വെടിവെച്ചു വീഴ്ത്തിയതെന്നാണ്. സീതാറാം യെച്ചൂരി ചൂണ്ടിക്കാട്ടിയ ക്രമസമാധാന പ്രശ്നം മാത്രമാണ് നന്ദിഗ്രാമിൽ ഉണ്ടായിരുന്നതെങ്കിൽ അതിന്റെ ചുമതല പോലീസിനായിരുന്നല്ലോ. വെടിവെപ്പിൽ കൊല്ലപ്പെട്ടവരിൽ ആറു പേരുടെ ദേഹത്തു നിന്നാണ് സർവീസ് റൈഫിളുകളിൽ ഉപയോഗിക്കുന്ന തരം വെടിയുണ്ട പോസ്റ്റ്മോർട്ടത്തിൽ കണ്ടെടുത്തത്. ശേഷിച്ച എല്ലാവരുടെയും ദേഹത്തു നിന്നും കണ്ടെടുത്ത ഉണ്ടകൾ നാടൻ തോക്കുകളിൽനിന്നും ഏറ്റവയായിരുന്നു. സി.ബി.ഐ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എടുത്തു പറയുന്നുണ്ട്. .315 എന്ന ഇനത്തിൽ പെടുന്ന വെടിയുണ്ടകൾ വെടിവെപ്പു നടന്ന സോനാചുര, ഗോകുൽ നഗർ എന്നീ ഗ്രാമങ്ങളിൽനിന്ന് അസാധാരണമായ അളവിൽ സി.ബി.ഐ സംഘത്തിന് ശേഖരിക്കാനായി. സോനാചുരയിലെ സി.പി.എം പ്രവർത്തകരുടെ താവളങ്ങളിലൊന്നായ ജാനകി ഇഷ്ടികക്കളത്തിൽനിന്ന് ചാക്കു കണക്കിനാണ് ഈ ഉണ്ടകൾ ശേഖരിച്ചത്.

നിസ്സഹായരായ ഗ്രാമീണരെ വെടിവെച്ചു വീഴ്ത്താൻ പോലീസിന്റെ ഒപ്പം നിന്നത് സി.പി.എമ്മുകാർ ആണെന്നതിന് സി.ബി.ഐ ആവശ്യത്തിലേറെ തെളിവുകൾ ശേഖരിച്ചു കഴിഞ്ഞു. പത്ത് സി.പി.എമ്മുകാരെ അവർ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ഇതോടെ മുത്തങ്ങയുടെ അടിസ്ഥാന ലക്ഷണങ്ങളിൽനിന്ന് നന്ദിഗ്രാം അതിവേഗം മാറിപ്പോവുകയാണ്. ജനങ്ങളെ കൊല്ലാൻ സർക്കാറും പാർട്ടി പ്രവർത്തകരും ഒരുമിച്ച് രംഗത്തിറങ്ങിയ ഒരേയൊരു സംഭവം ഇന്ത്യയിൽ ഉണ്ടായത് ഒരുപക്ഷേ ഗുജറാത്തിലാണ്. നരേന്ദ്ര മോഡിയുടെ പോലീസും ബി.ജെ.പി പ്രവർത്തകരും കൈകോർത്തു നിന്ന അതേ ശൈലി. തന്റെയൊപ്പം നിന്നവരെ സംരക്ഷിക്കാൻ മോഡി ഏതറ്റം വരെയും പോകാൻ തയാറായി. കുറ്റവാളികളെ പിടികൂടാതിരിക്കാൻ ഒരു ഭരണകൂടത്തിന് എന്തൊക്കെ തടസ്സവാദങ്ങൾ പറയാനാവുമോ അതൊക്കെയും രംഗത്തിറക്കിയും കേസുകൾ തേയ്ച്ചുമാച്ചു കളഞ്ഞും മോഡി കാണിച്ച അതേ മാതൃകയാണ് നന്ദിഗ്രാമിൽ ഒടുവിൽ നടക്കുന്നത്. നന്ദിഗ്രാം, കയ്ജൂറ, സുതഹാത എന്നീ മൂന്ന് പോലീസ് സ്റ്റേഷനുകളുടെ അതിർത്തികളിലാണ് പോലീസിന്റെ വെടിവെപ്പും സി.പി.എമ്മിന്റെ അഴിഞ്ഞാട്ടവും നടന്നത്. ഈ മൂന്നു പോലീസ് സ്റ്റേഷനുകളിലെയും സബ് ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റിയത് ശിക്ഷാ നടപടികളുടെ ഭാഗമാണെന്നാണ് പലരും തെറ്റിദ്ധരിച്ചത്. എന്നാൽ പ്രമോഷന് തൊട്ടു മുമ്പുള്ള നടപടി ക്രമങ്ങളുടെ ഭാഗമായാണ് ഇവരെ അവധിയിലയച്ചത് എന്നാണ് ക്രമസമാധാനപാലന ചുമതലയുള്ള ബംഗാൾ ഐ.ജി രാജ് കനോജിയ അറിയിച്ചത്.

എല്ലാറ്റിനുമൊടുവിൽ എന്തുകൊണ്ട് നന്ദിഗ്രാം എന്ന ചോദ്യവും ഉത്തരം കിട്ടാതെ ബാക്കിയാവുന്നുണ്ട്. മിക്ക സംസ്ഥാനങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലകൾക്കു വേണ്ടി കുടിയൊഴിപ്പിക്കുന്ന പ്രദേശങ്ങളിൽ മുസ്‌ലിംകളാണ് താമസക്കാരെന്ന് ഇതിനകം ആരോപണമുയർന്നു കഴിഞ്ഞിട്ടുണ്ട്. ബംഗാളിന്റെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും സുവ്യക്തമാണ്. മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ മാത്രമാണ് ബംഗാൾ സർക്കാർ 'വികസന പദ്ധതികൾ' നടപ്പാക്കുന്നുള്ളൂ. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ വേണമെന്ന് ആദ്യം പ്രമേയം പാസാക്കിയ പാർട്ടി സി.പി.എം ആയിരുന്നല്ലോ. എവിടെയോ ഉള്ള സലീമുമാർ വികസിക്കുമായിരിക്കാം. പക്ഷേ വേറൊരു സലീമിന്റെ കൃഷിഭൂമിയിൽ ചെങ്കൊടി കുത്തിയിട്ടു തന്നെ വേണോ ഈ ഉദ്ധാരണമെന്ന് ശാന്തമനസ്സോടെ സി.പി.എമ്മുകാർ ആലോചിച്ചാൽ നല്ലത്. കൃഷിഭൂമി അതേ മട്ടിൽ നിലനിർത്തിയും തരിശുഭൂമിയെ വ്യവസായഭൂമിയാക്കിയും മാറ്റുന്നതല്ലേ സി.പി.എമ്മിന്റെ പാരമ്പര്യത്തിനു ചേർന്നത്? ■